# പൾസ് പോളിയോക്കെതിരെ ജനകീയ പ്രതിരോധം

പൾസ് പോളിയോപരിപാടിക്കെതിരായി എറണാകുളത്തും കോഴിക്കോട്ടും സമരം നടക്കുന്നത് യാതൊരടിസ്ഥാനവുമില്ലാതെയാണെന്ന് ആരോപിച്ചുകൊണ്ടുള്ള സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി.കെ. രാജന്റെ പത്രക്കുറിപ്പ് കണ്ടു.

എന്നാൽ അറിയുക:

പൾസ് പോളിയോക്കെതിരായി ഞങ്ങൾ നടത്തുന്ന പോസ്റ്റർ പ്രദർശനവും മറ്റ് പ്രതിരോധ പരിപാടികളും വളരെ ശാസ്ത്രീയമായ പഠനങ്ങളുടെയും തെളിവുകളുടെയും ആധികാരിക രേഖകളുടെയും പിൻബലത്തോടെ തന്നെയാണ്.

1995 മുതൽ 2003 വരെ പുറത്തിറങ്ങിയിട്ടുള്ള ആരോഗ്യവകുപ്പിന്റെ ലഘുലേഖകളും പരസ്യങ്ങളും ആരോഗ്യവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ പത്രക്കുറിപ്പുകളുമൊക്കെത്തന്നെയാണ് ഈ പരിപാടി വളരെ അശാസ്ത്രീയമാണെന്നും സമൂഹത്തിന് യാതൊരു ഫലവും ചെയ്യുന്നില്ലെന്നും വ്യക്തമാക്കിത്തരുന്നത്. കഴിഞ്ഞ പത്ത് വർഷത്തോളമായി ആരോഗ്യവകുപ്പ് വെറും വിഡ്ഢിത്തങ്ങൾ വിളിച്ചുകൂവി ജനങ്ങളെ വഞ്ചിക്കുകയായിരുന്നുവെന്ന് മനസ്സിലാക്കാൻ ഇതിൽ കൂടുതൽ തെളിവുകളൊന്നും വേണ്ടിവരില്ല. വലിയ പാണ്ഡിത്യവും ആവശ്യമില്ല.

പൾസ് പോളിയോ സംബന്ധിച്ച് ആരോഗ്യവകുപ്പിന്റെ യാതൊരടിസ്ഥാനവുമില്ലാത്ത പ്രസ്താവനകൾ പൊതുജനങ്ങൾക്ക് മുന്നിൽ തുറന്നു കാണിക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്. 95ൽ ഈ പരിപാടി തുടങ്ങിയതു മുതൽ തന്നെ ഞങ്ങളുന്നയിച്ച പല ചോദ്യങ്ങൾക്കും ഇന്നു വരെ മറുപടി തരാതെ (തരാനാകാതെ!) ഒഴിഞ്ഞുമാറാനേ ഈ വിദഗ്ധർക്ക് കഴിയുന്നുള്ളൂവെന്നത് വളരെ പരിഹാസ്യമായിത്തോന്നുന്നു. ഇവിടെ ആരോഗ്യവകുപ്പ് ദയനീയമായി പരാജയപ്പെടുകയാണ്.

ആരോഗ്യവകുപ്പിന്റെ 'തമാശകൾ' കണ്ണുമടച്ച് വിഴുങ്ങുന്നവരല്ല ഞങ്ങൾ. ഇനിയും അസത്യങ്ങൾ എഴുന്നള്ളിച്ച് ഞങ്ങളെ കബളിപ്പിക്കാമെന്ന് കരുതേണ്ട. ഇത് ഞങ്ങളുടെ പിഞ്ചു മക്കളെ, ഭാവിതലമുറയെത്തന്നെ കരുവാക്കിക്കൊണ്ട് നടത്തുന്ന ഒരു തീക്കളിയാണ്. അതുകൊണ്ടുതന്നെ ഞങ്ങളിതിനെ വളരെ ശക്തമായിത്തന്നെ ചോദ്യം ചെയ്യും. വ്യക്തമായ ഉത്തരം കിട്ടുന്നതുവരെ.

പൾസ് പോളിയോ സംബന്ധിച്ച് ഞങ്ങളുന്നയിക്കുന്ന ചോദ്യങ്ങൾ അടിസ്ഥാനരഹിതമാണെന്ന് പ്രഖ്യാപിച്ചിരിക്കുന്ന ആരോഗ്യവകുപ്പ് ഞങ്ങളുടെ ചോദ്യങ്ങൾക്ക് ശാസ്ത്രീയവും യുക്തിഭദ്രവുമായ മറുപടി തരാൻ ബാധ്യസ്ഥരാണ്.

ഈ പരിപാടിക്കെതിരെ ഞങ്ങൾ നടത്തുന്ന സമരം തികച്ചും ന്യായവും ശാസ്ത്രീയാടിസ്ഥാനമുള്ളതുമാണെന്ന് ഏത് വിദഗ്ധരുടെ മുമ്പിലും തെളിയിക്കാൻ കഴിയും എന്ന ആത്മവിശ്വാസം ഞങ്ങൾക്കുണ്ട്. അതുകൊണ്ട് പൾസ് പോളിയോ സംബന്ധിച്ച് ഞങ്ങളുടെ ചോദ്യങ്ങൾക്ക് പൊതുജനങ്ങളുടെ സാന്നിധ്യത്തിൽ വ്യക്തവും ശാസ്ത്രീയവുമായ മറുപടി തരാൻ ആരോഗ്യരംഗത്തുനിന്ന് ഒരു വിദഗ്ധൻ മുന്നോട്ടുവരണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. *ഒരു സംഘം രക്ഷിതാക്കൾ, ഹരിതകം, യുണൈറ്റഡ് കോംപ്ലക്സ്, മാവൂർ റോഡ്, കോഴിക്കോട്*